# വഞ്ചന | മതിയായി ഈ MLA

## എം.വി. ഗോവിന്ദൻ മാസ്റ്റർ (CPI(M)) - തളിപ്പറമ്പ്

### 1 ആശുപത്രി വികസനം അട്ടിമറിച്ചു




താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തുമെന്ന പ്രകടനപത്രികയിലെ വാഗ്ദാനം സിപിഎം നിയന്ത്രണത്തിലുള്ള സഹകരണ ആശുപത്രിയെ സഹായിക്കാൻ അട്ടിമറിച്ചു.

### 2 കുടുംബാരോഗ്യ കേന്ദ്രങ്ങൾ തകർച്ചയിൽ




ചപ്പാരപ്പടവ് കുടുംബാരോഗ്യ കേന്ദ്രത്തിൽ കിടത്തിച്ചികിത്സ നൽകുന്നില്ല. മയ്യിൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരെ നിയമിക്കാത്തതും, മാവിച്ചേരി കുടുംബാരോഗ്യ കേന്ദ്രം കാടുപിടിച്ച് നശിക്കുന്നതും എം.എൽ.എ.യുടെ വീഴ്ചയാണ്.

### 3 തറക്കല്ലിൽ ഒതുങ്ങി പോലീസ് സ്റ്റേഷൻ




മയ്യിൽ പൊലീസ് സ്റ്റേഷൻ നിർമ്മിക്കാൻ തറക്കല്ലിട്ടിട്ട് വർഷങ്ങളായെങ്കിലും പ്രദേശം കാടുപിടിച്ചു കിടക്കുകയാണ്. ധർമ്മശാലയിൽ പുതിയ പൊലീസ് സ്റ്റേഷൻ നിർമ്മിക്കുമെന്ന വാഗ്ദാനവും പാലിക്കപ്പെട്ടില്ല.

### 4 അസൗകര്യങ്ങൾക്ക് നടുവിൽ വില്ലേജ് ഓഫീസും ബസ് സ്റ്റാൻഡും




തളിപ്പറമ്പ് ബസ് സ്റ്റാൻഡ് വാഗ്ദാനം മാത്രമായി മയ്യിൽ വില്ലേജ് ഓഫീസിൽ ആവശ്യത്തിന് സ്ഥലമില്ലാത്തത് പൊതു ജനങ്ങൾക്ക് വലിയ ദുരിതമാകുന്നു.

### 5 ഉദ്ഘാടന മാമാങ്കവും അഴിമതിയും




എം.എൽ.എ. ഫണ്ടിൽ നിന്ന് 30 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ബസ് വെയിറ്റിംഗ് ഷെഡ് പൂർത്തിയാക്കാതെ ഉദ്ഘാടനം ചെയ്തു. ഇതിന്റെ നിർമ്മാണത്തിൽ വലിയ അഴിമതി നടന്നതായി ആരോപണമുണ്ട്.

### 6 ആചാരങ്ങളെ തകർത്തു വിശ്വാസികളെ വഞ്ചിച്ചു



ശബരിമലയിലെ അനുഷ്ഠാനങ്ങളെ തകർക്കാനുള്ള കപട നവോത്ഥാന നാടകത്തിന് പാദസേവ ചെയ്ത ഈ എംഎൽഎ വിശ്വാസിസമൂഹത്തെ പച്ചയ്ക്ക് വഞ്ചിച്ചു. സ്വർണ്ണക്കൊള്ളയിൽ പോലും ടിയാൻ പാലിച്ച മൗനം സംശയാസ്പദമാണ്.

## UDF - LDF മതിയായി

## മാറ്റം തുടങ്ങാം!